**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 310** **03-03-2023 - ൽ മറുപടിയ്ക്ക്**

**എടയന്നൂർ ഷുഹൈബ് വധക്കേസ് അന്വേഷണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ യുവജന സംഘടനയുടെ നേതാവായിരുന്ന എടയന്നൂർ ഷുഹൈബ് വധക്കേസിൽ ഗൂഢാലോചനാക്കുറ്റം അന്വേഷിക്കുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഇത് സംബന്ധിച്ച് മട്ടന്നൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 202/2018 പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ ഗൂഢാലോചനാക്കുറ്റം ഉൾപ്പെടുത്തിയുള്ള കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | കൊലപാതകത്തിന് ഉത്തരവാദികളായവർ പാർട്ടിക്കകത്തുണ്ടെന്ന ഒന്നാം പ്രതിയുടെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ? | (സി) | മേൽപറഞ്ഞ കേസിൽ അന്വേഷണം നടത്തി 17 പ്രതികളെ അറസ്റ്റ് ചെയ്തിരുന്നു. ഈ കേസിന്റെ അന്വേഷണത്തിനായി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിക്കുകയും അന്വേഷണ മേൽനോട്ടത്തിന് കണ്ണൂർ ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്തുകയുമുണ്ടായി.<br><br>1 മുതൽ 11 വരെയുള്ള പ്രതികൾക്കെതിരെയുള്ള അന്വേഷണം പൂർത്തിയാക്കി 14.05.2018- ൽ കുറ്റപത്രം സമർപ്പിച്ചു. SC 596/2018 പ്രകാരം ബഹു. കോടതി കുറ്റപത്രം സ്വീകരിച്ചിട്ടുണ്ട്.<br><br>12 മുതൽ 17 വരെയുള്ള പ്രതികൾക്കെതിരെയുള്ള അന്വേഷണം പൂർത്തിയാക്കി 21.01.2019-ൽ കുറ്റപത്രം സമർപ്പിക്കുകയും SC 385/2019 പ്രകാരം ബഹു. കോടതി കുറ്റപത്രം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കുറ്റപത്രത്തിൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 447, 341, 342, 324, 326, 307, 302, 120 (B), 109, 201 r/w 34 വകുപ്പുകൾ പ്രകാരവും Explosive Substance Act 3,2 വകുപ്പുകൾ പ്രകാരവും ഇന്ത്യൻ ആംസ് |

| | | | |
|---|---|---|---|
| | | | ആക്ടിലെ 4 r/w 25 (1-B) (b) വകുപ്പ് പ്രകാരവുമുള്ള കുറ്റങ്ങളാണ് പ്രതികൾക്കെതിരെ ചുമത്തിയിട്ടുള്ളത്.<br><br>കേസിന്റെ വിചാരണ നടപടികൾ ബഹു. കോടതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ